**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2959** **03-08-2021 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായിക രംഗത്തിന്റെ വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കായിക രംഗത്തിന്റെ വികസനത്തിനായി കായിക യുവജനകാര്യാലയത്തിന് കീഴിൽ വിവിധ കായിക ഇനങ്ങളിൽ തൽപരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ്ബോൾ, അത്ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സപ്ലാഷ്, ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും ഈ വകുപ്പും സംയുക്തമായി സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ് നടത്തി വരുന്നു. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി. കായികയുവജനകാര്യാലയത്തിന് കീഴിൽ രണ്ട് സ്പോർട്സ് സയൻസ് സെന്ററുകൾ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും |

പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയുമാണ്.
കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 7, 8 ക്ലാസ്സുകളിലേയ്ക്കായി ഓരോ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്പോർട്സ് ഡിവിഷനുവേണ്ടിയുള്ള ഫുട്ബോൾ മൈതാനം, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജമാണ്.
കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയ സ്റ്റേഡിയങ്ങൾ നിർമ്മാണത്തിനുമായി കായികവകുപ്പിന് കീഴിൽ സ്പോർട്സ് കേരള ലിമിറ്റഡ് എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ടു വരുന്നതിനും സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പ് എന്നിവയാണ് ലക്ഷ്യമിടുന്നത്.
ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".
ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽ നിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കായികരംഗത്ത് മികവാർന്ന നേട്ടങ്ങൾ കരസ്ഥമാക്കുന്ന കായികതാരങ്ങൾക്ക് എല്ലാവർഷവും ജി.വി.രാജാ സ്പോർട്സ് അവാർഡ് നൽകി വരുന്നു. മികവുറ്റ കായിക താരങ്ങൾക്ക് പ്രതിമാസം 10000രൂപ വീതം സ്കോളർഷിപ്പായി നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കായിക പരിശീലനത്തിനായി സ്റ്റേഡിയങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശമുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ? | (ബി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ പ്രാരംഭ ഘട്ടം കിഫ്ബി ധനസഹായത്തോടെ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള കളിസ്ഥലങ്ങളുടെ വിവര ശേഖരണവും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം/കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ